**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** **07-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ലെ ഭേദഗതി ബഹു കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനു ശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 (5) പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും, അധിക തസ്തികകൾ ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥർമാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്ന നടപടി അന്തിമ ഘട്ടത്തിൽ ആണ്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ സ്കൂളുകളിൽ നിന്നും ഹയർ ലെവൽ വെരിഫിക്കേഷൻ കഴിഞ്ഞ് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിയിട്ടുള്ള ഫയലുകളുടെയും എത്തിച്ചേരേണ്ട ഫയലുകളുടെയും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്ന് എൽ.പി. സ്കൂൾ അസിസ്റ്റന്റ് മലയാളം, യു.പി. സ്കൂൾ അസിസ്റ്റന്റ് മലയാളം എന്നീ വിഭാഗങ്ങളിൽ നിന്ന് എത്ര അധിക തസ്തികയ്ക്കായുള്ള ശിപാർശ എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ /ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും എൽ.പി.എസ്.റ്റി വിഭാഗത്തിൽ 14 അധിക തസ്തികകളും യു പി എസ് റ്റി വിഭാഗത്തിൽ നിന്നും 13 അധിക തസ്തികകളും ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | സ്കൂളുകളുടെ എണ്ണം | തസ്തികകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 151 | 433 |
| കൊല്ലം | 121 | 349 |
| പത്തനംതിട്ട | 18 | 36 |
| ആലപ്പുഴ | 83 | 227 |
| കോട്ടയം | 22 | 51 |
| ഇടുക്കി | 19 | 59 |
| എറണാകുളം | 56 | 138 |
| തൃശ്ശൂർ | 72 | 227 |
| പാലക്കാട് | 99 | 315 |
| മലപ്പുറം | 245 | 763 |
| കോഴിക്കോട് | 99 | 228 |
| വയനാട് | 61 | 136 |
| കണ്ണൂർ | 86 | 272 |
| കാസർഗോഡ് | 78 | 258 |
| **ആകെ** | **1210** | **3492** |